**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം  കൊച്ചി നഗരസഭയിൽ മട്ടാഞ്ചേരി സോണൽ ഓഫീസിൽ സൂപ്രണ്ടായ ശ്രീമതി രശ്മി വി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഒ.എ.നം. 1335/2018 ൽ 31.07.2018 ലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2711/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 23.10.2018

പരാമർശം :

1. കൊച്ചി നഗരസഭയിൽ സൂപ്രണ്ടായ ശ്രീമതി രശ്മി വി. സർക്കാരിൽ സമർപ്പിച്ച 17.07.2018 തീയതിയിലെ നിവേദനം(Annexure A6).
2. ശ്രീമതി രശ്മി വി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം. 1335/2018 ൽ 31.07.2018 തീയതിയിലുണ്ടായ വിധിന്യായം.
3. നഗരകാര്യഡയറക്ടറുടെ 05.09.2018 തീയതിയിലെ ഇ 6-17299/18 നമ്പർ കത്ത്.

## ഉത്തരവ്

മുനിസിപ്പൽ കോമൺ സർവ്വീസിലെ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം/ഉദ്യോഗക്കയറ്റം നൽകിക്കൊണ്ട് നഗരകാര്യഡയറക്ടർ 31.12.2016 ൽ പുറപ്പെടുവിച്ച ഉത്തരവിൽ തിരുവനന്തപുരം നഗരസഭയിൽ ഹെഡ്ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീമതി. രശ്മി.വി.യെ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി കൊച്ചി നഗരസഭയിൽ നിയമിച്ചിരുന്നു. പരാമർശം 1 പ്രകാരം ശ്രീമതി. രശ്മി.വി. സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ തന്റെ അസുഖം കാരണം ദീർഘദൂരയാത്രക്ക് ബുദ്ധിമുട്ടായതിനാൽ തനിക്ക് സ്വദേശമായ തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീമതി. രശ്മി.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നം. 1335/2018 ൽ കേസിന്മേൽ 31.07.2018 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ടിയാളുടെ Annexure A6 നിവേദനം സർക്കാർ പരിശോധിച്ച് ടിയാളെ നേരിൽക്കേട്ട് തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 06.09.2018 ന് ശ്രീമതി. രശ്മി.വി.യെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽക്കേട്ട സമയത്തെ വാദങ്ങൾപ്രകാരം തിരുവനന്തപുരം സ്വദേശിയാണെന്നും സുഖമില്ലാത്ത വ്യക്തിയാണെന്നും ഇപ്പോൾ കൊച്ചി നഗരസഭ മട്ടാഞ്ചേരി മേഖല ഹെൽത്ത് വിഭാഗത്തിൽ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്യുന്നുവെന്നും സ്വദേശത്തേയ്ക്കുള്ള സ്ഥലംമാറ്റം

അനിവാര്യമാണെന്നും അതിനാലാണ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചതെന്നും ബോധിപ്പിക്കുകയുണ്ടായി.

3 . ഇക്കാര്യത്തിലുള്ള നഗരകാര്യ ഡയറക്ടറുടെ പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ 2018-19 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള കൃലിസ്റ്റ് 29.06.2018 ലെ ഇ 6-4054/ 18-ാം നമ്പർ കത്തു പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് എന്നും പ്രസ്തുത കൃലിസ്റ്റിൽ ടിയാളുടെ ഹോം സ്റ്റേഷനുപുറത്തുള്ള സർവ്വീസ് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിലേയ്ക്കുള്ള സ്ഥലം മാറ്റത്തിന് 14-ാമതായിട്ടാണ് ശ്രീ. രശ്മി ഉൾപ്പെട്ടിരിക്കുന്നത് എന്ന് നഗരകാര്യഡയറക്ടർ അറിയിക്കുന്നു.

4. തിരുവനന്തപുരം നഗരസഭയിൽ 31.7.2018 ലെ റിട്ടയർമെന്റ് മുഖാന്തിരം റവന്യൂ ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയതുമൂലം സൂപ്രണ്ട് തസ്തികയിൽ ഉണ്ടായ 4 ഒഴിവുകളിലേയ്ക്ക് നിലവിലുള്ള കൃലിസ്റ്റിൽ 4 മുതൽ 7 വരെ സ്ഥാനക്കാരായ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് 4.9.2018 ലെ ഇ 6-1161/ 2018-ാം നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ് എന്നും ശ്രീമതി രശ്മിയ്ക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് കൃലിസ്റ്റ് പ്രകാരം സ്ഥലംമാറ്റം അനുവദിക്കുന്നതാണെന്നും സ്ഥലംമാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിലവിലുള്ള സ്ഥലമാറ്റ മാനദണ്ഡപ്രകാരം മുൻഗണന നല്കിയോ അനുകമ്പാർഹമായ സാഹചര്യം കണക്കിലെടുത്തോ ടിയാരിക്ക് തിരുവനന്തപുരം നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുവാൻ കഴിയുകയില്ലായെന്നും നഗരകാര്യഡയറക്ടർ അറിയിക്കുന്നു.

5. ശ്രീമതി രശ്മിയെ നേരിൽകേട്ടതിന്റേയും അനക്സർ എ 6 നിവേദനം പരിശോധിച്ചതിന്റേയും നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ വെളിച്ചത്തിലും, സ്ഥലമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി രശ്മിയ്ക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് കൃലിസ്റ്റ് പ്രകാരം സ്ഥലംമാറ്റം അനുവദിക്കുന്നതാണെന്ന നഗരകാര്യഡയറക്ടറുടെ വാദം അംഗീകരിച്ച് നിലവിലെ വ്യവസ്ഥപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നല്കിക്കൊണ്ട് ടിയാളുടെ അപേക്ഷ തീർപ്പാക്കുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**വി.എസ്.സന്തോഷ്**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി. രശ്മി.വി. സൂപ്രണ്ട് , മട്ടാഞ്ചേരി സോണൽ ഓഫീസ്, കൊച്ചി നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ